(10) 2004-ലെ കേരള പഞ്ചായത്ത് രാജ് നഗരപാലികാ മെനേഴ്സ് ക്ഷേമനിധി ബിൽ

[നോട്ടീസ് നൽകിയ അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.]

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ച :

(1) 2002-ലെ കേരള സംസ്ഥാന പുരാതന പൈതൃക സ്വത്തുക്കൾ സംരക്ഷണ ബിൽ-

[ചർച്ച തുടർച്ച]

ശ്രീ. എ. സുജനപാൽ : സർ, 2002-ലെ കേരള സംസ്ഥാന പുരാതന പൈതൃക സ്വത്തുക്കൾ സംരക്ഷണ ബില്ലിന്റെ ചർച്ച ഞാൻ തുടരുകയാണ്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തേ സൂചിപ്പിച്ച കാര്യം വീണ്ടും ആവർത്തിക്കുന്നില്ല. പക്ഷേ ഓരോ വർഷം കൂടുംതോറും കേരളത്തിന്റെ പൈതൃക സ്വത്തുക്കളും അമൂല്യങ്ങളായ പുരാതന വസ്തുക്കളുമൊക്കെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവ സംരക്ഷിക്കാൻ വേണ്ടിയുള്ള നിയമനിർമ്മണങ്ങൾ ഉണ്ട് എന്നാണ് നേരത്തെ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത്. ഇപ്പോഴും ഗവൺമെന്റ് ആ നിലപാടിൽ തന്നെയാണ് എന്നാണ് ഞാൻ കരുതുന്നത്. സ്വകാര്യ ബില്ലുകളെ സംബന്ധിച്ചിടത്തോളം പാർലമെന്ററി കാര്യവകുപ്പുമന്ത്രി സ്വകാര്യ ബില്ലുകളുടെ ആരാച്ചാരായി മാറുന്ന ഒരു അവസ്ഥയാണുള്ളത്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അങ്ങയുടെ അതിരൂക്ഷമായ പദ പ്രയോഗത്തിന് ഞാൻ വിധേയനാകേണ്ടിവന്നതിൽ എനിക്ക് ദു:ഖമുണ്ട്. പക്ഷേ എന്നോട് അല്പം സൗഹൃദം കൂടി കാണിക്കണം. ഇത് താങ്ങാനുള്ള ശക്തി എനിക്കില്ല. കാരണം, ഞാൻ വളരെ ദുർബ്ബലനാണ്.

ശ്രീ. ജി. കാർത്തികേയൻ : ആരാച്ചാർ എന്ന് പറയുന്നത് മോശപ്പെട്ട ജോലിയല്ല. പണ്ട് രാജഭരണം ഉണ്ടായിരുന്നപ്പോൾ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആളുകളെ വധിക്കാൻവേണ്ടി സർക്കാർ നിയോഗിച്ചിരുന്ന ആളാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ആരാച്ചാർ എന്നതിന് അറപ്പുകാരൻ എന്ന പദപ്രയോഗവും ഉണ്ട്.

ശ്രീ. എ. സുജനപാൽ : അതിന്റെ അർത്ഥം എന്തായലും ഫലം ഇതുപോലെയാണ്. സ്വകാര്യ ബില്ലുകളൊക്കെ ഇവിടെ അവതരിപ്പിക്കുക, അതിനെയൊക്കെ ഗവൺമെന്റ് നിഷേധാത്മകമായി കാണുക എന്നുള്ള ഒരു നയം അൽപ്പം മാറ്റണം. ബഹുമാനപ്പെട്ട ചെയറിനോട് എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് പാർലമെന്ററികാര്യ വകുപ്പുമന്ത്രി എല്ലാ വിഷയങ്ങളിലും ഒരുപോലെ മറുപടി പറയുകയും എല്ലാറ്റിനേയും നിഷേധമായി കാണുകയും ചെയ്യുക എന്നുള്ള നിലപാട് മാറ്റിയിട്ട് ബന്ധപ്പെട്ട മന്ത്രി ഈ വകുപ്പുമായി ബന്ധപ്പെട്ട നയങ്ങളെക്കുറിച്ച് പറയാൻ ആധികാരികമായി അവകാശപ്പെട്ട ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : പാർലമെന്ററി അഫയേഴ്സ് മിനിസ്റ്റർ പറഞ്ഞാലും കൺസേൺഡ് മിനിസ്റ്റർ പറഞ്ഞാലും അത് ക്യാബിനറ്റിന്റെ അഭിപ്രായമാണ്. അത് ഒന്നു തന്നെയായിരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പാർലമെന്ററി അഫയേഴ്സിനാണല്ലോ അതിന് മറുപടി പറയാൻ ബാദ്ധ്യതയുള്ളത്. അത് നമ്മുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിന് അതിന്റേതായ സപ്പോർട്ടിംഗ് ആയിട്ടുള്ള കാര്യങ്ങളുണ്ട്. ഞാൻ രണ്ട് രൂപത്തിലുള്ള സമീപനം എടുത്തിട്ടുണ്ട്. ഇത് അദ്ദേഹത്തെ പോലുള്ള സീനിയറായിട്ടുള്ള മെമ്പർ അത് ശ്രദ്ധിച്ചേയ്ക്കും എന്നുള്ളതുകൊണ്ടാണ് അത് റിശദീകരിക്കാതിരുന്നത്. ചിലത് ഞങ്ങൾക്ക് ബ്ലൈന്റ് ആയിട്ട് ഒപ്പോസ് ചെയ്യേണ്ടി വന്നിട്ടുണ്ട്, കാരണം നേരത്തെ നിയമം ഉണ്ടായിരുന്നതുകൊണ്ട്. ചിലത് അതിന്റെ സ്പിരിറ്റിനെ ഉൾക്കൊണ്ടുകൊണ്ട് പറയുന്നുണ്ട്. പക്ഷേ ഈ സ്വകാര്യ ബില്ലിനകത്ത് ഡീറ്റൈൽസ് ഇല്ലാതെ, മറ്റു കാര്യങ്ങളെക്കുറിച്ച് റിശദമായി തിരക്കാതെ, ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിനകത്ത് ശാസ്ത്രീയമായ വശങ്ങൾ ഇല്ലാതെ, സപ്പോർട്ടിംഗ് ആയിട്ടുള്ള എവിഡൻസ് ഒന്നും ഇല്ലാതെ കൊണ്ടുവരുന്ന നിയമം സ്ട്രെയിറ്റ് എവേ കണ്ണും അടച്ച് യെസ് എന്ന് പറയുവാനുള്ള ഒരു മൂപം ഗവൺമെന്റിനില്ല. അതുകൊണ്ട് ആ രണ്ട് സമീപനങ്ങളേയും അദ്ദേഹം മനസ്സിലാക്കിക്കാണും എന്നുള്ള ഒരു ധാരണയിലാണ് ഇത് പറഞ്ഞത്.

ശ്രീ. ബി. രാജയകുമാർ: ബഹുമാനപ്പെട്ട പാർലമെന്ററി അഫയേഴ്സ് വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് കണക്കിലെടുത്താൽ ഈ പ്രഹസനം ഒന്ന് അവസാനിപ്പിച്ചുകൂടേ? ഒരു മന്ത്രിയെ ഏൽപ്പിച്ചിട്ട് എല്ലാ മന്ത്രിമാരും തിരുവനന്തപുരം വിട്ട് അങ്ങ് പറക്കുക. ആർക്കും വിഷയമില്ലാത്ത വിഷയം വെള്ളിയാഴ്ച ചർച്ച ചെയ്യുക, നാലോ അഞ്ചോ പത്തോ എം.എൽ.എ.മാർ മാത്രം നിയമസഭയിൽ ഇരിക്കുക. എന്തിനാണ് വെള്ളിയാഴ്ച ഈ പ്രഹസനം വയ്ക്കുന്നത്? ഒന്നുകിൽ ഇത് അവസാനിപ്പിക്കണം. ഇല്ലെങ്കിൽ വകുപ്പുമന്ത്രിമാർ ഇരുന്ന് കാര്യമായി ചർച്ച നടത്തുന്ന സ്ഥിതിറിശേഷം ഉണ്ടാകണം. ബില്ലിനകത്ത് വരുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ഉൾക്കൊള്ളാൻ പറ്റുമല്ലോ? അതിനുള്ള സംവിധാനം ബഹുമാനപ്പെട്ട സ്പീക്കറുമായിട്ട് ആലോചിച്ച് നടപ്പാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ജി. കാർത്തികേയൻ : ഇവിടെ പാർലമെന്ററി അഫയേഴ്സ് മിനിസ്റ്ററും മറ്റ് രണ്ട് മന്ത്രിമാരും ഇരിപ്പുണ്ട്. ഗൗരവതരമായി നമ്മുടെ സഭയിൽ ആലോചിക്കേണ്ട റിഷയമാണ് ശ്രീ. വിജയകുമാർ പറഞ്ഞത്. വെള്ളിയാഴ്ച ദിവസം അനൗദ്യോഗിക ബില്ലുകളുടെ ദിവസമാണ്. അത് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയണം. ഈ ഒരു ദിവസം നിയമസഭാംഗങ്ങളുടെ, മറ്റ് ഉദ്യോഗസ്ഥൻമാരുടെ, മീഡിയയുടെ എല്ലാപേരുടേയും സമയം നഷ്ടപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ ദിവസം എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്താം എന്ന് ഗൗരവമായി ആലോചിക്കണം.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞിട്ടുള്ള നിർദ്ദേശം അങ്ങേയ്ക്ക് മുൻകൈ എടുത്ത് ആലോചിക്കാവുന്ന കാര്യമാണ്. സാമൂഹ്യ പ്രധാന്യമുള്ള ചില പ്രശ്നങ്ങൾ ചർച്ചചെയ്യാൻ one hour discussion, Half

LIBRARY ARCHIVES Kerala Legislative Assembly

an hour discussion എന്നിവ ഉണ്ട്. അതെല്ലാം നമ്മുടെ ചട്ടത്തിൽ കിടക്കുന്നുണ്ട്. നമുക്ക് വേണമെങ്കിൽ വെള്ളിയാഴ്ച ആ ചർച്ചയ്ക്ക് വിനിയോഗിക്കാവുന്നതാണ്. ഇവിടെ ഇപ്പോഴുള്ള വിഷയം, ബിൽ കൊണ്ടുവരുന്ന അംഗങ്ങൾ ആരൊക്കെയാണോ അവർ ഇരിക്കുക, എന്നിട്ട് ചിലർ പൊടിപ്പും തൊങ്ങലുമൊക്കെ വച്ച് പറയാവുന്നത് പറയുന്നു. ശ്രീ. കാർത്തികേയനെ പോലെ സരസമായി സംസാരിക്കാൻ പറ്റുന്ന ആളുകൾക്ക് നിറഞ്ഞ് ഈ സഭയിൽ ഇരിക്കാം. അതുകൊണ്ട് സാമൂഹ്യ പ്രാധാന്യമുള്ള ഈ പ്രശ്നം മുൻകൈ എടുത്ത് ആലോചിക്കേണ്ടതാണ്.

ശ്രീ. എ സുജനപാൽ: കേരളത്തെ സംബന്ധിച്ചിടത്തോളം പുരാതന പൈതൃക സ്വത്തുക്കളൊക്കെ നശിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്, അതിനെ സംബന്ധിച്ചിടത്തോളം ഒരു നിയമനിർമ്മാണം ഉണ്ടെന്നാണ് ഗവൺമെന്റ് 12 Noon] പറയുന്നത്. പക്ഷെ അതൊന്നും നടപ്പാക്കുന്നില്ല. ഇപ്പോൾതന്നെ പുരാതന പൈതൃക സ്വത്തുക്കൾ എന്ന നിർവ്വചനത്തിൽ പുരാതന കെട്ടിടങ്ങൾ, പാർക്കുകൾ, ആരാധനാലയങ്ങൾ, പുരാതന കൊട്ടാരങ്ങൾ, സ്വകാര്യ വ്യക്തികളുടേയോ, കുടുംബങ്ങളുടേയോ കൈവശം വച്ചുവരുന്ന മനകൾ, തറവാടു കെട്ടിടങ്ങൾ, ചരിത്ര സ്മാരകങ്ങൾ എന്നിവ ഈ സ്വത്തുക്കളിൽ ഉൾപ്പെടുന്നു. തടാകങ്ങളും പുഴകളും, കുളങ്ങളും, കിണറുകളുമെല്ലാം ഇതിനകത്തു വരുന്നുണ്ട്. ഇപ്പോൾ കാണുന്ന ഒരു സവിശേഷത ചതുപ്പുനിലങ്ങൾ, തടാകങ്ങൾ, പ്രത്യേകിച്ച് കണ്ടൽക്കാടുകൾ ഉള്ള സ്ഥലങ്ങൾ ഇതൊക്കെ നോക്കിയിട്ടാണ് പല കെട്ടിടങ്ങളും നിർമ്മിക്കുന്നത് എന്നതാണ്. ഇതൊക്കെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : പൈതൃക സ്വത്തുക്കളെ സംരക്ഷിക്കുന്നതിനു വേണ്ടി മറ്റു പല സംസ്ഥാനങ്ങളും ബില്ലുതന്നെ അവതരിപ്പിക്കുകയും വളരെ ഘനപ്പെട്ട നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്തതിന്റെ അനുഭവങ്ങൾ ഉണ്ട്. പക്ഷെ നമ്മുടെ സംസ്ഥാനം പൈതൃകസ്വത്തിന്റെ കാര്യത്തിൽ സമ്പന്നമായിട്ടുപോലും ഇങ്ങനെ ഒരു ബിൽ അവതരിപ്പിച്ച് നിയമം ആക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഔദ്യോഗികമായി എന്തുകൊണ്ട് ചെയ്യുന്നില്ല? അതുസംബന്ധിച്ച് ഒരു ആലോചന സഭ നടത്തേണ്ടതല്ലേ?

ശ്രീ. എ. സുജനപാൽ: അതുകൊണ്ടു തന്നെയാണ് ഈ ബിൽ കൊണ്ടുവന്നത്. ടൂറിസം വികസനം കേരളത്തിൽ പരിപോഷിപ്പിക്കണമെങ്കിൽ ഇവിടെ അനിവാര്യമായ ഘടകമാണ് നമ്മുടെ പൈതൃക പുരാതന സ്വത്തുക്കളുടെ സംരക്ഷണം. അടിസ്ഥാനപരമായി അതിന്റെ സംരക്ഷണം ഉറപ്പുവരുത്താതെ കേരളത്തെ സംബന്ധിച്ചിടത്തോളം സാംസ്കാരികമായിട്ടുള്ള ഒരു പാരമ്പര്യം നിലനിർത്താൻ കഴിയാത്ത അവസ്ഥയുണ്ട്. ഇപ്പോൾ പഴയ കെട്ടിടങ്ങളൊക്കെ തകർത്തു കൊണ്ടിരിക്കുകയാണ്. ഞാൻതന്നെ സൂചിപ്പിച്ചു കോഴിക്കോട് നഗരത്തിൽ ഉയർന്നു നിന്നിരുന്ന ബ്രിട്ടീഷുകാർ ഉണ്ടാക്കിയിട്ടുള്ള കളക്ടർ കെട്ടിടം, അത് ഗവൺമെന്റ് വിറ്റ് എൽ.ഐ.സി. ക്ക് കൊടുത്തു. അത് അടിച്ചു നിരപ്പാക്കുമ്പോഴാണ് ജനങ്ങൾ അറിയുന്നത്, അതിനെതിരായി പ്രതികരിക്കാൻ അന്നത്തെ മുൻ മുഖ്യമന്ത്രി അച്ചുതമേനോൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പത്ത്, ഇരുനൂറ് കൊല്ലം പഴക്കമുള്ള കെട്ടിടമാണ്. പക്ഷെ കൺസ്ട്രക്ടീവായിട്ട് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ഇത്തരം നിരവധി

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങൾ ഉണ്ട്. ഈയടുത്ത കാലത്ത് സാംസ്കാരിക വകുപ്പ് നമ്മുടെ മാള നിയോജകമണ്ഡലത്തിലുള്ള ഒരു ജൂത സെനഗോഗ് പരിഷ്കരിക്കുകയുണ്ടായി. നല്ല ഒരു നടപടിയാണ്. എത്രയോ കെട്ടിടങ്ങൾ, പുരാതന പൈതൃക സ്വത്തുക്കൾ സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ചിറകൾ, കൊട്ടാരങ്ങൾ ഇതൊക്കെ സംരക്ഷിക്കണം. പലതും തകർന്നു പോകുകയാണ് അടിച്ച് നിരപ്പാക്കുകയാണ് ഈ കൊട്ടാരങ്ങൾ സാമൂതിരിപ്പാടിന്റെ കൊട്ടാരംവരെ ഇന്ന് പലരുടെയും കൈകളിൽ ആയിരിക്കുകയാണ്. ഇതൊക്കെ നശിച്ചുപോകുന്ന ഒരവസ്ഥയുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം ഇതൊക്കെ സംരക്ഷിക്കാൻ വേണ്ടിയുള്ള നിയമനിർമ്മാണം വളരെ അനിവാര്യമാണ്. ഞാൻ ഇന്ന് ഇന്റർനെറ്റിലൂടെ യുനസ്കോയുടെ വെബ്സൈറ്റ് ചെക്ക് ചെയ്യുകയുണ്ടായി. യുനസ്കോ ഇതിന് വളരെയേറെ പ്രാധാന്യമാണ് നൽകുന്നത്. ഈ മേയ് മാസം നടക്കാൻ പോകുന്ന ഇന്റർനാഷണൽ ഹെറിറ്റേജ് കോൺഫറൻസുകൾ—അതിനകത്തൊക്കെ ഇതിന്റെ പ്രാധാന്യമാണ് വിശേഷിപ്പിക്കുന്നത്. ആ പ്രാധാന്യം ഉൾക്കൊള്ളാൻ കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിന് സാധിക്കുന്നില്ല എന്നുള്ളത് ദൗർഭാഗ്യകരമായ ഒരു സാഹചര്യമാണ്. അതിനെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണങ്ങൾ ഉണ്ടാകേണ്ടത് വളരെ അനിവാര്യമാണ്. ഇപ്പോൾ റവന്യൂ വകുപ്പിന്റെ കൈയിൽ കുറേ നിയമങ്ങൾ ഉണ്ടെന്ന് പറയുന്നു. പക്ഷെ അതൊന്നും ഫലപ്രദമായി നടപ്പിലാക്കുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ചതുപ്പു സ്ഥലങ്ങൾ, വയൽ പ്രദേശങ്ങൾ ഇതൊക്കെ നികത്തുന്നതിനെതിരായി ഇവിടെ നിയമനിർമ്മാണങ്ങൾ ഉണ്ട്. പല എക്സംപ്ഷൻ ക്ളോസ്സുകളും ഉണ്ട്; അതൊക്കെ ദുരുപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. പഴയതു മുഴുവൻ നശിച്ചു പോകുകയാണ്, ജനങ്ങളുടെയിടയിൽ ഇതിനെതിരായിട്ടുള്ള ഒരു അവബോധം ഉണ്ടാകണം. അതിനനുയോജ്യമായിട്ടുള്ള നിയമനിർമ്മാണം ഉണ്ടാകണം. ഇത് വളരെ പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്. മറ്റൊന്ന് പൊളിച്ചുമാറ്റുന്നത് തടയാൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണം. ഈ ബില്ലിന്റെ നിർവ്വചനത്തിൽ സൂചിപ്പിച്ച സ്വത്തുക്കൾ പൊളിച്ചുമാറ്റുന്നതിനും പ്രസ്തുത സ്വത്തുക്കളുടെ അവകാശികളെ അത്തരം നടപടികളിൽ നിന്നും നിരോധിക്കുന്നതിനുമുള്ള നടപടികൾ വളരെ പ്രാധാന്യമർഹിക്കുന്നു. യാതൊരു കാരണവശാലും പ്രസ്തുത സ്വത്തുക്കൾ ഭാഗീകമായോ അവയുടെ തനിമയും പൈതൃകവും നഷ്ടപ്പെടുന്ന രൂപത്തിൽ പരിഷ്കരിക്കാൻ പോലും പാടില്ല, ആ രൂപത്തിലുള്ള ഒരു സംരക്ഷണം ഉറപ്പുവരുത്തണം. ഈ സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം പരിരക്ഷിക്കപ്പെടുകയും വല്ല പരിഷ്ക്കാരവും നടത്തുകയാണെങ്കിൽ സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണച്ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ നടത്താൻ പാടുള്ളൂ. അതും വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ എല്ലാ നിയമങ്ങളും ലംഘിക്കുകയാണ്. ഒരു പഴയ കെട്ടിടം പുതുക്കി നിർമ്മിക്കണമെങ്കിൽ അതിന് നമ്മുടെ ഇവിടെയുള്ള കെട്ടിട നിർമ്മാണ നിയമങ്ങൾ ഉണ്ട്, പക്ഷെ അതുപോലും കാറ്റിൽപ്പറത്തിക്കൊണ്ടാണ് പല കെട്ടിടങ്ങളും പരിഷ്കരിക്കുന്നത്. ഇതിനെ സംബന്ധിച്ചിടത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു നിയമ നിർമ്മാണം ഉണ്ടാകണം. അതല്ലെങ്കിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള നിയമനിർമ്മാണം ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെല്ലാം കൂടി ഒരു കോ-ഓർഡിനേഷൻ ആവശ്യമാണ്. ആർക്കിയോളജി നിയമത്തിന്റെ പശ്ചാത്തലത്തിലും ചില കൊട്ടാരങ്ങളും മറ്റും സംരക്ഷിക്കപ്പെടാനുള്ള നിയമനിർമ്മാണം കൂടിയുണ്ടെന്നാണ് നേരത്തെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞത്. പക്ഷെ ഇത് പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നില്ല. അത് പ്രായോഗിക തലത്തിൽ കൊണ്ടുവരണം. ഈ നിയമം പൂർണ്ണമായും ഗവൺമെന്റ് അംഗീകരിക്കണമെന്ന് ഞാൻ പറയുന്നില്ല. ഇത്തരം സ്വകാര്യ ബില്ലുകളുടെ ഒരു പ്രധാന ഘടകം തന്നെ ഇത് നിയമസഭയ്ക്ക് ചർച്ച ചെയ്യാനുള്ള ഒരു വേദിയുണ്ടാക്കുകയാണ്. ഈ വിഷയം ഇവിടെ ചർച്ച ചെയ്തിട്ട് ഗവൺമെന്റ് അത് അംഗീകരിക്കാൻ തയ്യാറാകുമെങ്കിൽ, ആ നിയമനിർമ്മാണം കൊണ്ടുവരുമെങ്കിൽ അത് ഒരു നല്ല കാര്യമല്ലേ? ഇവിടെ ശ്രീ. പ്രതാപവർമ്മ തമ്പാൻ നേരത്തെ പറഞ്ഞു, ടെയിലറുടെ കാര്യത്തിലും, ആട്ടോറിക്ഷാ തൊഴിലാളികളുടെ കാര്യത്തിലും ക്ഷേമനിധി ബിൽ സ്വകാര്യ ബില്ലായി കൊണ്ടുവന്നത് പിന്നെ ഗവൺമെന്റ് നിയമനിർമ്മാണമാക്കി മാറ്റി എന്ന്. അതുപോലെ തന്നെ ഇത്തരം നിർദ്ദേശങ്ങൾ ഈ നിയമസഭയ്ക്കകത്ത് ചർച്ച ചെയ്യപ്പെടുന്നു, അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ സാധിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ ഗവൺമെന്റ് അതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളണം. അതല്ലാതെ നിഷേധാത്മകമായി കണ്ടിട്ട് കാര്യമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കാബിനറ്റിനു വേണ്ടിയാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഓരോ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നത് എങ്കിൽപ്പോലും പറവത്തിൽ വരുന്നത് നിഷേധാത്മകമായിട്ടുള്ള ഒരു സമീപനമാണ്. അത് അവസാനിപ്പിച്ചുകൊണ്ട് ഈ സ്വകാര്യ ബില്ലുകളെ സംബന്ധിച്ചിടത്തോളം സൃഷ്ടിപരമായ സമീപനം ഗവൺമെന്റ് കൈക്കൊള്ളണമെന്നാണ് സ്വകാര്യ ബില്ലുകളെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത്. ഈ ബില്ലിന്റെ സ്പിരിറ്റ് എന്നുള്ളത് കേരള സംസ്കാരത്തിന്റെ തനിമയാർന്ന പുരാതന വാസ്തുശില്പ മാതൃകയിൽ പണിത നൂറ്റാണ്ടുകൾ പഴക്കമുള്ള പല കെട്ടിടങ്ങളും മറ്റു സ്വത്തുക്കളും വസ്തുക്കളും നമ്മുടെ നാട്ടിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാഴ്ചയ്ക്ക് ഒരവസാനം ഉണ്ടാക്കണം എന്നതായിരിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം കേരള സംസ്കാരം അതിന്റെ സംരക്ഷണത്തിനുപോലും അനിവാര്യമായ ഘടകമാണ്. അതിന് ഉതകുന്ന രൂപത്തിലുള്ള സാംസ്കാരികമായിട്ടുള്ള ഒരു നയം തന്നെ ഗവൺമെന്റ് അടിയന്തിരമായി കൈക്കൊള്ളണം. അധികം കാലതാമസമുണ്ടാകരുത്. കാരണം ഈ സ്വത്തുക്കൾ എല്ലാം നശിച്ചുപോകുന്ന ഒരു അവസ്ഥ വളരെ ദൗർഭാഗ്യകരമാണ്. പല കെട്ടിടങ്ങളും നശിച്ചുപോകുന്നു, പല മനകളും നശിച്ചുപോകുന്നു. അതിനെപ്പറ്റി മുമ്പത്തേക്കാളേറെ വളരെ പ്രാധാന്യം നൽകി പത്രങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. ദൃശ്യമാദ്ധ്യമങ്ങളൊക്കെ പൈതൃക സ്വത്തുക്കളുടെ സംരക്ഷണത്തെ സംബന്ധിച്ചിടത്തോളം അവബോധം വളർത്താൻ വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഈ കാര്യത്തിൽ സൃഷ്ടിപരമായിട്ടുള്ള ഒരു സമീപനം കൈക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തന്നെ ബഹുമാനപ്പെട്ട അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് തിരുവനന്തപുരത്ത് ഫൈൻ ആർട്ട്സ് കോളേജ് പൊളിഞ്ഞുപോകാറായപ്പോൾ അത് അതേപടി പുനർനിർമ്മാണം ചെയ്ത് പൂർത്തിയാക്കുകയുണ്ടായി. അതുപോലെതന്നെ തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയുടെ ചുറ്റുമുള്ള കടകമ്പോളങ്ങൾ ഇന്ന് മാറ്റി കോട്ടവാതിൽ പുറത്തുകാണത്തക്ക വിധത്തിലുള്ള സംവിധാനം ഒരുക്കാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിക്കണം. ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്നത് നല്ലതല്ലേ എന്ന് ഗവൺമെന്റ് ചിന്തിക്കണം. അതിന് ഒരു നിയമനിർമ്മാണം വേണ്ടേ?

ശ്രീ. എ. സുജനപാൽ: അതുതന്നെയാണ് ഞാൻ പറഞ്ഞത്. അതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗവൺമെന്റ് വളരെ നിഷേധാത്മകമായ .....ഇത് വളരെ അനിവാര്യമാണ്. അതുകൊണ്ട് ഇതിന്റെ സ്പിരിറ്റ് ഗവൺമെന്റ് ഉൾക്കൊള്ളണം. ഈ ബിൽ അംഗീകരിച്ചില്ലായെങ്കിൽ പോലും ഇതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ അവസാനിപ്പിക്കുന്നില്ല, ഇനി ഒന്നുകൂടി.....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇന്ന് ചർച്ച അവസാനിപ്പിക്കുന്നുവെങ്കിൽ മറുപടി പറയാം.

ശ്രീ. എ. സുജനപാൽ: കൺക്ലൂഡ് ചെയ്യാം സർ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അദ്ദേഹം അവസാനിപ്പിക്കുകയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം പറഞ്ഞ സ്പിരിറ്റിനോട് ഗവൺമെന്റ് തീർച്ചയായിട്ടും യോജിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ ചില പ്രത്യേകതകൾ നാം കാണണം. ചിരപുരാതന കാലം മുതൽ കേരളത്തിന് ഒരു പ്രത്യേക സംസ്കാരമുണ്ട്. കേരളത്തിലെ പഴയ ക്ഷേത്രങ്ങൾ, ആരാധനാലയങ്ങൾ, തറവാടുകൾ—അതുപോലെ പ്രിസർവ് ചെയ്തു നിറുത്തേണ്ട കെട്ടിടങ്ങൾ; ആ കെട്ടിടങ്ങളെല്ലാം സർവ്വനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന രൂപത്തിലേക്ക് പോകുകയാണ്. ടെക്നോളജി മാറിയതുകൊണ്ടും ജീവിതസൗകര്യങ്ങൾ വർദ്ധിച്ചതുകൊണ്ടും വ്യത്യസ്ത രൂപത്തിലുള്ള സമീപനമുണ്ടാകുന്നതുകൊണ്ടും ഇന്ന് കേരളത്തിൽ ഇതുപോലുള്ള കെട്ടിടങ്ങൾ നശിക്കുന്നു എന്നുള്ളത് കേരളത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളേയും വേദനിപ്പിക്കുന്ന ഒന്നാണ് എന്നാണ് ഗവൺമെന്റ് കാണുന്നത്. അതുകൊണ്ട് അവ പ്രിസർവ് ചെയ്യണം. അതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളണമെന്ന് പറഞ്ഞ അദ്ദേഹത്തിന്റെ നിലപാടിനോട് ഗവൺമെന്റ് യോജിക്കുകയാണ്. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ തിരുവനന്തപുരത്തെ കൊട്ടാരത്തെക്കുറിച്ച് ശ്രീ. ബി. വിജയകുമാർ ഇവിടെ പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്തെ കൊട്ടാരം മാത്രമല്ല ഇപ്പോൾ തൃപ്പൂണിത്തുറയിലും പഴയകൊച്ചി രാജ്യത്തും തൃശ്ശൂരിലും പഴയ സാമൂതിരി നാട് വാണിരുന്ന ആ കാലഘട്ടത്തിലെ ചരിത്രം പറയുന്ന കെട്ടിടങ്ങൾ ഉണ്ട്. അതുപോലെതന്നെ മദ്ധ്യതിരുവിതാംകൂറിലെ ചില പ്രദേശങ്ങളിൽ പഴയ തറവാടുകൾ ഉണ്ട്. കുറേകാലം കഴിയുമ്പോൾ കുടുംബങ്ങൾ ക്ഷയിക്കുന്നതോടുകൂടി ദായക്രമത്തിന്റെ വ്യത്യാസംകൊണ്ട് ഈ തറവാട് പൊളിച്ചുവിറ്റ് എല്ലാം പിന്നീട് വീതം വച്ച് പോകുന്ന രൂപത്തിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. നാണു: പഴയകാലത്തെ കൊട്ടാരങ്ങളും അതുപോലെ രാജവാഴ്ചയുടേയും സമ്പത്തിന്റേയും നാട് ഭരിച്ചതിന്റേയും പ്രതീകങ്ങൾ മാത്രമല്ല നമ്മുടെ നാട്ടിലെ ആദിവാസികളുടെ ക്ഷേത്രങ്ങൾ, ആദിവാസികളുടെ ഊരുകൾ, പഴയകാലത്ത് ദരിദ്രരായി ജീവിച്ച ആ ജീവിത സമ്പ്രദായങ്ങൾ എന്നിവ പുതിയ തലമുറയ്ക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കണമെങ്കിൽ ആദിവാസി ക്ഷേത്രങ്ങളും അതുപോലുള്ളവയും തകർന്നുപോകാതെ സംരക്ഷിക്കാൻ കഴിയണം. കേരളത്തിന്റെ പല ഭാഗത്തും ഇതുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിതുപറഞ്ഞതുകൊണ്ടാണ്. ഞാൻ ക്ഷേത്രങ്ങളെ സംബന്ധിച്ചു പറയാം. നമുക്ക് എടുത്തെടുത്ത് പറയാൻ കഴിയുന്ന ധാരാളം സംഭവങ്ങളുണ്ട്. ഇപ്പോഴും നിലനിൽക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്ന സ്ഥലങ്ങളും ഉണ്ട്, സമയത്തിന്റെ കുറവുണ്ട്, ഇപ്പോൾ പന്ത്രണ്ടേകാൽ ആകാൻ പോകുന്നു. ശ്രീ. മുരളിയുടെ ഒരു പ്രമേയം അവസാനിക്കാനുള്ള നിലയിൽ എത്തിയിട്ടുണ്ട്. അതുകൊണ്ട് സമയം ഞാൻ കവർന്നെടുക്കേണ്ട എന്നു കരുതിയാണ്. ഈ കാര്യത്തിൽ ഈ ഹൗസിന്റെ രണ്ടു ഭാഗത്തുമുള്ള ആളുകൾ ഒരേ വികാരത്തിലുള്ള ആളുകളാണ് എന്നുള്ളത് ഗവൺമെന്റ് മനസ്സിലാക്കി ഇതിന്റെ സ്പിരിറ്റ് പൂർണ്ണമായി ഉൾക്കൊള്ളുന്നു. അതുകൊണ്ട് ഇത് പ്രസ് ചെയ്യരുത് എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. സുജനപാൽ: ഞാൻ പ്രസ് ചെയ്യുന്നില്ല, ഗവൺമെന്റ് ഇതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്നുണ്ട്. ഞാൻ നേരത്തെ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള ആരാച്ചാർ എന്ന വാക്ക് പിൻവലിക്കുന്നു. കാരണം അദ്ദേഹം ഏതായാലും സൃഷ്ടിപരമായി ഈ ബില്ലിനെ കണ്ടല്ലോ. ബാക്കിയെല്ലാ ബില്ലിന്റെ കാര്യത്തിലും ഏതാണ്ട് ആരാച്ചാരുടെ പണിചെയ്യുന്ന പാർലമെന്ററി കാര്യവകുപ്പുമന്ത്രി ഏതായാലും ഈ പൈതൃക സ്വത്തുക്കളുടെ കാര്യത്തിലെങ്കിലും ഒരു ദയാദാക്ഷിണ്യം കാണിച്ചതിൽ അദ്ദേഹത്തോട് നന്ദിയുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇപ്പോഴാണ് ശ്വാസം നേരെ വീണത്.

ശ്രീ. എ. സുജനപാൽ: കേരളത്തിലെ സാംസ്കാരിക ലോകംവരെ അങ്ങയോട് കടപ്പെട്ടിരിക്കുന്നു എന്നാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ അനുമതിയോടുകൂടി പ്രമേയം.....

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വളരെ പ്രസക്തമായ ഒരു ബിൽ ആണ്. ശ്രീ. സുജനപാൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഈ പ്രമേയം പിൻവലിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : സഭയുടെ അനുമതിയോടുകൂടി പ്രമേയം..... പിൻവലിക്കണമെന്ന പ്രശ്നം.....

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സുജനപാൽ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—15

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. എൻ. ഡി. അപ്പച്ചൻ
3. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
4. ശ്രീ. ടി. എൻ. പ്രതാപൻ
5. ശ്രീ. വക്കം ബി. പുരുഷോത്തമൻ
6. ശ്രീ. എ. കെ. മണി
7. ശ്രീ. ആര്യാടൻ മുഹമ്മദ്
8. ശ്രീ. എം. മുരളി
9. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
10. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
11. ശ്രീ. എൻ. ശക്തൻ
12. ശ്രീ. വി. ഡി. സതീശൻ
13. ശ്രീ. എ. സുജനപാൽ
14. ശ്രീ. പി. ടി. തോമസ്
15. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—11

1. ശ്രീ. എം. വി. ജയരാജൻ
2. ശ്രീ. എം. കുമാരൻ
3. ശ്രീ. കെ. വി. കുഞ്ഞിരാമൻ
4. ശ്രീ. വി. കെ. സി. മമ്മത് കോയ
5. ശ്രീ. മത്തായി ചാക്കോ
6. ശ്രീ. കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. സി. കെ. നാണു

8. ശ്രീ. കെ. രാധാകൃഷ്ണൻ

9. ശ്രീ. ടി. പി. രാമകൃഷ്ണൻ

10. ശ്രീ. സാജു പോൾ

11. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

നിഷ്പക്ഷത പാലിക്കുന്നവർ---ആരുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ---5

പ്രതികൂലിക്കുന്നവർ---11

നിഷ്പക്ഷത പാലിക്കുന്നവർ---ആരുമില്ല.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

(2) 2003-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബിൽ [ചർച്ച തുടർച്ച]

ശ്രീ. എം. മുരളി: സർ, ഈ ബില്ലിന്റെ ചർച്ച നേരത്തെ ഒരു ദിവസം നടന്നതാണ്. ഇവിടെ ഗവൺമെന്റ് സ്പിരിറ്റ് അംഗീകരിച്ച സാഹചര്യത്തിൽ പോളിംഗിന് പോകാതെ ഈ കഴിഞ്ഞ ബില്ലിന്റെ ഒരു താത്വിക പ്രശ്നമെന്നുള്ള നിലയിൽ ശ്രീ. സുജനപാൽ അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ച ഉപസംഹരിക്കുന്നതായിരുന്നു നല്ലത്. പക്ഷെ പ്രതിപക്ഷം ഒരു പോൾ ചോദിച്ചതുകൊണ്ട് എന്റെ ബില്ലിന്റെ ചർച്ചയ്ക്ക് അങ്ങനെ ഒരു പോൾ ചോദിക്കുമോയെന്ന് ഞാൻ സംശയിക്കുകയാണ്. സർ, ഞാൻ ഒരുപാട് കാര്യങ്ങൾ പറയുന്നില്ല. പന്ത്രണ്ടരയ്ക്ക് സഭ പിരിയുന്നതിനുമുൻപ് ഈ ബില്ലിന്റെ പ്രമേയം സംബന്ധിച്ച ചർച്ച ഉപസംഹരിക്കണമെന്നാണ് അവതാരകനെന്നുള്ള നിലയിൽ ഞാൻ ആഗ്രഹിക്കുന്നത്. ഇവിടെ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ശ്രീമതി രാധാരാഘവൻ ഉൾപ്പെടെയുള്ളവരുടെ ചോദ്യത്തിന് മറുപടിയായി കേരളത്തിലെ ഹോം നഴ്സസിന്റെ പ്രശ്നങ്ങളെക്കുറിച്ച് പറയുകയുണ്ടായി. നമ്മുടെ ഹോം നഴ്സസ് പ്രവർത്തിക്കുന്ന ഈ മേഖല കേരളത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ നമ്മുടെ സംസ്ഥാനത്തെ സന്നദ്ധ സംഘടനകളും വ്യക്തികളും നിയോഗിക്കുന്ന ഈ ഹോം നഴ്സസ്മാരുടെ യോഗ്യത നിർണ്ണയിക്കേണ്ടതുണ്ട്. യോഗ്യത നിർണ്ണയിക്കുക മാത്രമല്ല പ്രത്യേകമായ രോഗശുശ്രൂഷയ്ക്കുള്ള, സംരക്ഷണത്തിനുള്ള പരിശീലനം അവർക്ക് കൊടുക്കാനുള്ള സംവിധാനം കേരളത്തിലുണ്ടാകണം. അവർ ഇന്ന് പലപ്പോഴും ചൂഷണം ചെയ്യപ്പെടുകയാണ്. അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കൃത രാജ്യങ്ങളിലേതുപോലെ ആവിഷ്ക്കരിക്കാനും അവർക്ക് നിയമപരമായ പരിരക്ഷ കൊടുക്കാനും നഴ്സിംഗ് കൗൺസിൽപോലെ അവർക്ക് രജിസ്ട്രേഷൻ കൊടുക്കാനുമുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഹോം നഴ്സസ് കൗൺസിൽ കേരളത്തിൽ രൂപീകരിക്കണമെന്നുള്ള നിർദ്ദേശം ഈ ബില്ലിലൂടെ മുന്നോട്ടു വയ്ക്കുന്നത്. ഇവിടെ ജെറിയാട്രിക്സ് ഒരു വൈദ്യശാസ്ത്രമാണ്; പീഡിയാട്രിക്സ് പോലെതന്നെയുള്ള ഒരു വൈദ്യ ശാസ്ത്രശാഖയാണ് ജെറിയാട്രിക്സ്.

LIBRARY ARCHIVES Kerala Legislative Assembly